# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2821 — 20.06.13 ൽ - മറുപടിക്ക്

## റേഷൻ സാധനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ: | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പുമന്ത്രി) |
| (എ) റേഷൻ കടകളിലൂടെ എന്തെല്ലാം സാധനങ്ങളാണ് വിതരണം നടത്തുന്നത്; | (എ) റേഷൻ കടകളിലൂടെ അരി, ഗോതമ്പ്, മണ്ണെണ്ണ, പഞ്ചസാര, ഫോർട്ടിഫൈഡ് ആട്ട എന്നീ സാധനങ്ങൾ വിതരണം ചെയ്തുവരുന്നു. |
| (ബി) ഇതിൽ ബി.പി.എൽ, എ.പി.എൽ വിഭാഗക്കാർക്ക് അനുവദിച്ച റേഷൻ വിഹിതം എത്രയെന്ന് വിശദമാക്കുമോ; | (ബി) 2013 ജൂൺ മാസത്തിൽ ബി.പി.എൽ./എ.പി.എൽ. വിഭാഗത്തിന് അനുവദിച്ചിട്ടുള്ള റേഷൻ സാധനങ്ങളുടെ അളവും വിലയും ചുവടെ ചേർക്കുന്നു. |

- ബി.പി.എൽ. കാർഡുടമകൾക്ക് 2013 ജൂൺ മാസത്തിൽ കിലോഗ്രാമിന് 1/-രൂപ നിരക്കിൽ 25 കിലോഗ്രാം അരിയും 2/- രൂപ നിരക്കിൽ 5 കിലോഗ്രാം ഗോതമ്പും ലഭിക്കും.
- എ.പി.എൽ. കാർഡുടമകൾക്ക് കിലോക്ക് 8.90 രൂപ നിരക്കിൽ 9 കിലോഗ്രാം അരിയും 6.70 രൂപ നിരക്കിൽ 3 കിലോഗ്രാം ഗോതമ്പും ലഭിക്കും.
- എ.പി.എൽ. വിഭാഗത്തിൽപ്പെട്ട രണ്ടു രൂപ നിരക്കിലുള്ള ഭക്ഷ്യധാന്യവിതരണ പദ്ധതിയിൽ ഉൾപ്പെട്ടവർക്ക് 9 കിലോഗ്രാം അരിയും 3 കിലോഗ്രാം ഗോതമ്പും കിലോഗ്രാമിന് 2/- രൂപ നിരക്കിൽ ലഭിക്കും.
- കിലോഗ്രാമിന് 13.50 രൂപ നിരക്കിൽ ബി.പി.എൽ./എ.എ.വൈ. വിഭാഗത്തിലെ ഓരോ അംഗത്തിനും 400 ഗ്രാം പഞ്ചസാര ഓരോ മാസവും ലഭിക്കും.
- എ.പി.എൽ. വിഭാഗത്തിൽപ്പെട്ടവർക്ക് കിലോഗ്രാമിന് 12/- രൂപ നിരക്കിൽ കാർഡൊന്നിന് 2 കിലോഗ്രാം ആട്ട പ്രതിമാസം ലഭിക്കും.
- എല്ലാ വൈദ്യുതീകരിച്ച വീടുള്ള കുടുംബങ്ങൾക്കും 1/2 (അര) ലിറ്റർ മണ്ണെണ്ണയും വൈദ്യുതീകരിക്കാത്ത വീടുള്ള കുടുംബങ്ങൾക്ക് 4 ലിറ്റർ മണ്ണെണ്ണയും ലിറ്ററിന് 16.50/17.00 രൂപ നിരക്കിൽ ഈ മാസം ലഭിക്കും.

  *(ബി.പി.എൽ./എ.പി.എൽ. വ്യത്യാസമില്ലാതെ)*

| | | | |
|---|---|---|---|
| (സി) | സിവിൽ സപ്ലൈസ് ഗോഡൗണുകളിൽ നിന്നും റേഷൻകടകളിലേക്ക് അനുവദിക്കുന്ന സാധനങ്ങൾ ബന്ധപ്പെട്ട കടകളിൽ എത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്താൻ നിലവിലെ സംവിധാനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ? | (സി) | എഫ്.സി.ഐ.യിൽ നിന്ന് റേഷൻ സാധനങ്ങൾ വിട്ടെടുക്കുന്ന സമയം റേഷനിംഗ് ഇൻസ്പെക്ടർമാരെ ഡ്യൂട്ടിക്ക് നിയോഗിച്ചുവരുന്നു. റേഷൻസാധനങ്ങൾ കയറ്റിക്കൊണ്ടു പോകുന്ന വാഹനത്തിൽ നിർദ്ദിഷ്ട മാതൃകയിലുള്ള സ്റ്റിക്കർ പതിക്കാറുണ്ട്. ഭക്ഷ്യധാന്യങ്ങൾ യഥാർത്ഥ ഉപഭോക്താക്കൾക്ക് ലഭിക്കുന്നുണ്ട് എന്നുറപ്പ് വരുത്തുന്നതിനായി സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധനകൾ നടത്തി വരികയും ചെയ്യുന്നു. റേഷൻകടയിൽ സാധനങ്ങൾ എത്തുന്നുണ്ട് എന്നുറപ്പ് വരുത്തുന്നതിന് FMPDS സംവിധാനം സിവിൽ സപ്ലൈസ് വകുപ്പിന്റെ പോർട്ടലിൽ (civilsupplieskerala.gov.in) ലഭ്യമാണ്. ഈ സംവിധാനത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്ക് ഭക്ഷ്യധാന്യങ്ങൾ റേഷൻകടകളിൽ എത്തുന്നതു സംബന്ധിച്ച സന്ദേശം SMS രൂപത്തിൽ ലഭിക്കും. |

സെക്ഷൻ ഓഫീസർ